(സി) വർഷം മുഴുവൻ പച്ചക്കറിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഹരിത സംഘങ്ങളുടെ പ്രവർത്തനം ക്രമപ്പെടുത്തുക, നിലവിലുള്ള ഹരിത സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. ഹരിത സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കുന്നതിനുള്ള നിയമനിർമ്മാണം, ബ്ലോക്ക്തല വിപണനകേന്ദ്രങ്ങൾക്ക് പിക്ക് അപ്പ് വാനുകൾ നൽകി പച്ചക്കറി വിപണനം കാര്യക്ഷമമാക്കുക, സ്കൂൾ പച്ചക്കറി പരിപാടി കോളേജ് കാമ്പസ്സുകളിലേക്ക് വ്യാപിപ്പിക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യമിട്ടിരിക്കുന്നു. എട്ടു ലക്ഷം പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഹരിത സ്റ്റാളുകൾ

135 (1190) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടി കോർപ്പിന്റെ പച്ചക്കറി/ഹരിതസ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഹരിത/പച്ചക്കറി സ്റ്റാളുകൾ കൂടുതൽ ആരംഭിക്കുന്നതിനും ആരംഭിച്ചവ നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഹോർട്ടി കോർപ്പിന്റെ പച്ചക്കറി വിൽപ്പന കേന്ദ്രങ്ങൾ പലതും ഇപ്പോൾ നിർത്തലാക്കിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വർക്കല നിയോജകമണ്ഡലത്തിലെ ഇടവാ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന പച്ചക്കറി സ്റ്റാൾ നിർത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(ഇ) ഇടവയിൽ ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന്റെ പച്ചക്കറി/ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ എസ്.എസ്.എൽ.സി. വരെ പഠിച്ചിരിക്കണം.
2. സസ്യ സൂപ്പർമാർക്കറ്റിന് 200 മുതൽ 400 ചതുരശ്ര അടിവരെയും ഹരിത സ്റ്റാളുകൾക്ക് 150 മുതൽ 200 ചതുരശ്ര അടിവരെയും വിസ്തീർണ്ണമുള്ള കടമുറികൾ അപേക്ഷകർ ലഭ്യമാക്കണം.
3. അപേക്ഷാഫോറം സമർപ്പിക്കുന്ന മുറയ്ക്ക് കട പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടാൽ സ്ക്രീനിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു ലൈസൻസികളെ തെരഞ്ഞെടുക്കുന്നതാണ്. ലൈസൻസിയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി 50 രൂപയുടെ മുദ്രപത്രത്തിൽ ഹോർട്ടികോർപ്പിന്റെ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. സസ്യസൂപ്പർമാർക്കറ്റ്/ഹരിതസ്റ്റാൾ തുടങ്ങുന്ന ലൈസൻസികൾ യഥാക്രമം 25,000, 15,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കുന്നതാണ്.

(ഡി) ഇടവാ സ്റ്റാൾ ലൈസൻസിക്ക് തുടർന്ന് നടത്തുവാൻ താല്പര്യമില്ലായെന്നറിയിച്ചതിനാലാണ് സ്റ്റാൾ നിർത്തലാക്കിയത്.

(ഇ) അർഹരായ വ്യക്തികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

ഹരിത സ്റ്റാളുകൾ

136 (1191) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനുകീഴിൽ എത്ര ഹരിതസ്റ്റാളുകളുണ്ട് ;

(ബി) ഇവയ്ക്കാവശ്യമായ പച്ചക്കറി എവിടെ നിന്നെല്ലാമാണ് സംഭരിക്കുന്നത് ?

(സി) സഹകരണ ബാങ്കുകൾ വഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി വാങ്ങി ഹരിതസ്റ്റാൾ വഴി വിതരണം ചെയ്യുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം സഹകരണ ബാങ്കുകൾവഴിയാണ് ഇവ നേരിട്ട് സംഭരിക്കുന്നത് ;

(ഇ) എന്തു തുകയ്ക്കുള്ള പച്ചക്കറികൾ സഹകരണ ബാങ്കുകൾ വഴി സംഭരിക്കുന്നു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 527 ഹരിത സ്റ്റാളുകൾ.

(ബി) ഇവയ്ക്കാവശ്യമായ പച്ചക്കറികൾ ഹരിത സംഘങ്ങൾ, സ്വാശ്രയ വിപണികൾ, കർഷകർ എന്നിവരിൽ നിന്നും, ഇവിടെ സാധാരണ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നു.

(സി) ഉണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly